**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 1143 — 05/03/2020 ൽ മറുപടിക്ക്

**കേരള ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ മിഷൻ**

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ ഇടപാടുകൾ ഓൺലൈൻ ആക്കുന്നതിന് 25.08.2018 ൽ രൂപീകരിച്ച കേരള ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കടാസ്ട്രൽ സർവെ ആധുനീകരിക്കുക, സർവെ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മുൻനിർത്തി റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് കേരള ലാൻഡ് റിക്കാർഡ്സ് മോഡേണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |
| (ബി) | ഈ പദ്ധതിയുടെ സംസ്ഥാന, ജില്ലാതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | മിഷൻ ഡയറക്ടറായി ലാൻഡ് റവന്യൂ കമ്മീഷണറും, അഡീഷണൽ മിഷൻ ഡയറക്ടറായി സർവെ ഡയറക്ടറും, ഡെപ്യൂട്ടി മിഷൻ ഡയറക്ടർമാരായി സർവെ വകുപ്പിൽ നിന്ന് അഡീഷണൽ ഡയറക്ടറും, റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടി കളക്ടറും, രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് ജോയിന്റ് ഇൻസ്പെക്ടർ ജനറലും മിഷന്റെ സംസ്ഥാനതല ചുമതലകൾ നിർവ്വഹിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ മിഷനിൽ സംയോജിപ്പിച്ച |

| | | | |
|---|---|---|---|
| | | | കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ ജില്ലാതല ഉദ്യോഗസ്ഥരായിരുന്ന ടി ജില്ലകളിലെ അസിസ്റ്റന്റ് ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർമാരായി ചുമതല വഹിച്ചിരുന്ന സർവെ അസിസ്റ്റന്റ് ഡയറക്ടർമാരും, മറ്റ് ജില്ലകളിൽ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർമാരായി ചുമതല വഹിച്ചിരുന്ന സർവെ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാതല ഉദ്യോഗസ്ഥരായി ചുമതലവഹിച്ചുവരുന്നു. |
| (സി) | മേൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ മൂലം ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നകാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മറ്റി കേരള ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ മിഷന്റെ മേൽനോട്ടം വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ